Reg: No K. 81

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B. A.

വ്യാപ്തകം 12 | ലക്കം 89 | ഏപ്രിൽ 2 വെള്ളി | തൃശൂർ | വില 7 പൈസ | പേജ് 4

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്പേഴി	വാരാന്ത്യപ്പതിപ്പ് പോസ്റ്റ്വഴി
ഒരുകൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

ഫ്രസ്സെയിൻ തിരിച്ചെത്തി

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 1

ഉത്തരപ്രദേശിലെ പൂർണ ബഹ്റിൽ രണ്ടു ദിവസത്തെ സന്ദർശനത്തിനുശേഷം ഉപരാഷ്ട്രപതി സക്കീർ ഹുസ്സെയിൻ ഇന്നു കാലത്തു ഇവിടെ തിരിച്ചെത്തി.

സഫാരൺസിങ്ങ് രാജിവെയ്ക്കണം

അബ്ദുള്ളാപ്രശ്നത്തെ അഴകൊഴമ്പനാക്കിയ ഗവണ്മെണ്ടു് പരാജയപ്പെട്ട

ലോകസഭയിൽ ചൂടേറിയ ചർച്ച

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 1

അഡ്മിജിയേഴ്സിൽവെച്ചു് ചൈനീസ് പ്രധാനമന്ത്രി മി. ചൌ എൻലായിയുമായി ഷേക് അബ്ദുള്ള കൂടിക്കാഴ്ച നടത്തിയതിനെ ഏറ്റവും ഗുരുതരമായ നിലയിലാണു് ഗവണ്മെണ്ടു് വീക്ഷിച്ചിരിക്കുന്നതെന്നു് പ്രധാനമന്ത്രി മി. ശാസ്ത്രി ഇന്നു് ലോക്സഭയിൽ പ്രസ്താവിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ഇനി എന്തു് നടപടി എടുക്കണമെന്നതിനെപ്പറ്റി ഗവണ്മെണ്ടു് പരിഗണിക്കുന്നതാണു്.

(ഷേക്അബ്ദുള്ളാ മാർച്ചു് 30–നു തീയതി അഡ്മിജിയേഴ്സിൽവച്ചു് ചൈനീസ് പ്രധാനമന്ത്രിയെ കാണുകയുണ്ടായെന്നും ഒരു പ്രസ്താവന ഇതുസംബന്ധിച്ചു് പുറപ്പെടുവിക്കുകയുണ്ടായെന്നും ഒരു പീക്കിങ്ങു് റേഡിയോ പ്രക്ഷേപണത്തെ ഉദ്ധരിച്ചുകൊണ്ടു് അഖിലേന്ത്യാ റേഡിയോ ഇന്നലെ രാത്രി പ്രക്ഷേപണം ചെയ്തുകയുണ്ടായി.)

ഈ വിഷയം സംബന്ധിച്ചു് വിദേശകാര്യമന്ത്രി മി സ്വരൺസിംഗ് സഭയിൽ ചെയ്യുന്നതായിരിക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

കാത്തിരിക്കുന്നു!

മി. ഹെംബാവു [പി. എസ്. പി.] കൊണ്ടുവന്ന ഒരു ശ്രദ്ധതിരിക്കൽപ്രമേയത്തിന്മേൽ മറുപടിയായി വിദേശകാര്യമന്ത്രി സർദാർ സ്വരൺസിംഗ്, നേരത്തെ പറഞ്ഞതു്, ഈ ക്ലേശിക്കുന്നയെ സംബന്ധിച്ചു് അഡ്മിജിയേഴ്സിലുള്ള ഇന്ത്യൻ എമ്പസിയിൽനിന്നും കൃത്യാഗികമായി ഒരു വിവരവും ലഭിച്ചിട്ടില്ലാണു്. ഇന്ത്യൻ അമ്പാസിഡറായി ബന്ധം പുലർത്തിക്കൊണ്ടിരിക്കുകയാണു്. നാളെക്കു് ഒരു പ്രസ്താവനചെയ്യുവാൻ അദ്ദേഹത്തിനു കഴിയും.

മി. ഹോമി ദാജി 'ലജ്ജാവഹം, ലജ്ജാവഹം' എന്നു വിളിച്ചുപറഞ്ഞു. ഒരു വഞ്ചകനുമായി കൂടിക്കാഴ്ച നടത്തിയ ഷേക് അബ്ദുള്ളയെ കടുപ്പുന്നതിനാണു് ഗവണ്മെണ്ടു് ശ്രമിക്കുന്നതെന്നു് മി. എസ്.എം. ബാനർജി(സ്വതന്ത്രൻ) കുറ്റപ്പെടുത്തി. ഈ കൂടിക്കാഴ്ചയെസംബന്ധിച്ചു് വിവരം നല്കാതിരുന്നതു്. ഗവണ്മെണ്ടിന്റെ നയതന്ത്ര ഉദ്യോഗസ്ഥനു പറ്റിയ ഒരുപരാജയമാണെന്നു് ഹൈബാവു പറഞ്ഞു.

ഇടയ്ക്കിടയ്ക്കു് കോൺഗ്രസ്–പ്രതിപക്ഷബഞ്ചുകളിൽനിന്നും ചെറുപ്പാട്ടകളുണ്ടായിക്കൊണ്ടിരുന്നു.

ഗവണ്മെണ്ടിന്റെ ഭാഗത്തുനിന്നും പ്രധാനമന്ത്രി മി. ശാസ്ത്രിയും സംഭവിച്ചിരിക്കുന്നതെന്തെന്നു് ഹൈബാവു, മധുലിമായെ, പ്രകാശ് വീർ ശാസ്ത്രി എന്നിവർ തറച്ചുപറഞ്ഞു.



ഈ ഗവണ്മെണ്ടു് ഇനി തുടരരുതു്; വിദേശകാര്യമന്ത്രി രാജിവെയ്ക്കണമെന്നു പ്രകാശ്വീർ ശാസ്ത്രി പറഞ്ഞു.

പിന്നീടു് തീരുമാനിക്കാം

വിദേശകാര്യമന്ത്രിയുടെ സമ്പൂർണ്ണപ്രസ്താവന കേട്ടതിനുശേഷം എന്തെങ്കിലും പരാജയം സംഭവിച്ചിട്ടുണ്ടോ എന്നു തീരുമാനിക്കാമെന്നു് സ്പീക്കർ മി. ഹുക്കംസിംഗ് പറഞ്ഞു. അതിനുശേഷം മാത്രമെ പരാജയത്തിന്റെയൊ പരാജയമുണ്ടായിട്ടില്ലെന്നതിന്റെയൊ പ്രശ്നം തന്നെ ഉദ്ഭവിക്കുന്നുള്ളവെന്നും അദ്ദേഹം പ്രസ്താവിച്ചു. ഷേക് അബ്ദുള്ളയുടെ ഒരു മതമകനായ ഇഷേയ്ഖ് റഷീദ് ബോബെയിൽവെച്ചു് ഷേക് അബ്ദുള്ളയെ കാണുകയുണ്ടായെന്നും പിന്നീടു് പാക്കിസ്ഥാനിലേക്കു് പറന്നുവെന്നും മി. ശാസ്ത്രി ആരോപിച്ചു. ഈ മതമകനാണു് ഷേക്–ചൌ കൂടിക്കാഴ്ചയും മറ്റും ഏർപ്പാടുകൾ ചെയ്തതു്. കാശ്മീരിനെ ആക്രമിക്കുന്നതിനുള്ള ഒരു ഗ്രൂഡാലോചനയുടെ ഭാഗമാണിതെല്ലാമെന്നും അദ്ദേഹം പറഞ്ഞു.

ഷേക്കിന്റെ പാസ്പോർട്ടു് റദ്ദാക്കി മടങ്ങിവരാനാവശ്യപ്പെടുന്നതിനു ചട്ടപ്രകാരമുള്ള വ്യവസ്ഥയുണ്ടോ എന്നു് മി. മധുലിമായെ ചോദിച്ചു.

ഒരു ഫ്രഞ്ചു ദിനപത്രത്തിനു് മി. ഷേക് അബ്ദുള്ള നൽകിയ അഭിമുഖസംഭാഷണവേളയിൽ താൻ രാജ്യത്തേക്കു് മടങ്ങിപ്പോയേക്കില്ലെന്നു് പ്രസ്താവിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതായി കാശ്മീരിൽനിന്നുള്ള നേഷണൽ കോൺഫറൻസ് അംഗമായ മി. ഷാലൽ സറാഫ് പ്രസ്താവിച്ചു. ആ അന്തർദ്ദേശീയ ഗ്രൂഡാലോചന നടക്കുന്നതായാണു് കാണുന്നതു്എന്നു പ്രസ്താവന പൂരിപ്പെടുവിക്കുവാൻ മന്ത്രിക്കു് സമയം നല്കുന്നതു് നല്ലതാണെന്നും അദ്ദേഹം പറഞ്ഞു.

ചില പ്രതിപക്ഷ മെമ്പർമാർ എഴുന്നേറ്റുനിന്നുവെന്നു സ്പീക്കർ അഭിപ്രായപ്പെട്ടതിനെത്തുടർന്നു്

തൊഴിലാളി

പോസ്റ്റ്മാസ്റ്റർ 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 2-നം- വെള്ളി

പരീക്ഷക്കടലാസ്സുകൾ

....o....

ജനനിബിഡമായ കേരളത്തിൽ വിദ്യാസമ്പന്നരുടെ ഈ നാട്ടിൽ കാലാനുസൃതമായി വിവിധപരീക്ഷകൾക്ക് ചേരുന്ന നിരവധി വിദ്യാർത്ഥികളുണ്ടാകുമെന്ന് വ്യക്തമാണല്ലൊ. ഈ കൊച്ചു സംസ്ഥാനത്തിൽ ഈ മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷക്ക് ചേർന്നിട്ടുള്ളതു് ഒരുലക്ഷത്തിനാല്പതിനായിരത്തോളം വിദ്യാർത്ഥികളാണ്. വിദ്യാസമ്പാദനം എന്തെങ്കിലും ജോലി ലഭിക്കുന്നതിനും തന്മൂലം ജീവിതമാർഗ്ഗദ്യോതകമാം മാർഗ്ഗമായി ഉടനുന്ന കാലത്തോളം ചേരുന്ന പരീക്ഷയിൽ ഉടനെ പാസ്സാകുന്നതിനുള്ള ഇക്കാലത്തു് വെരെയെ പാസ്സാകാൻ ആവശ്യമായ ഏറ്റവും ചുരുങ്ങിയ മാർക്കുകിട്ടിയാൽ പോരാ ഒരു ഫസ്റ്റ്ക്ലാസ്സോ, കഴിയുമെങ്കിൽ ഡിസ്റ്റ്ങ്ക്ഷനൊ കിട്ടണമെന്നും എല്ലാവക്കും ആഗ്രഹം കാണും. ഇതൊന്നുമല്ലെങ്കിൽ വളരെ ദീർഘമല്ലാത്ത ആയുസ്സിലെ ഒരു കൊല്ലവും വളരെ ക്ലേശിച്ചുണ്ടാക്കിയ പണത്തിന്റെ ഒരംശവും പരാജയത്തിലൂടെ പാഴാക്കിക്കളയാൻ ആർക്കും താല്പര്യം കാണില്ല. ചുരുക്കത്തിൽ ചേരുന്ന പരീക്ഷയിൽ അത്തവണ തന്നെ ജയിക്കണം, അതു് കഴിയുന്നതു ഉയർന്ന മാർക്കോടുകൂടി ജയിക്കണം എന്നൊക്കെ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷാകർത്താക്കൾക്കും ആഗ്രഹം വരുന്നതിൽ വലിയ തെറ്റൊന്നുമില്ല.

എന്നാൽ ഉൽക്കടമായ ഈ ആഗ്രഹത്തിന്റെ പേരിൽ കുറെയൊക്കെ അനാശാസ്യസ്വാധീനങ്ങളും, അടിപ്പണികളും, രഹസ്യപ്രയാണങ്ങളും നടക്കുന്നുണ്ടെന്നതു് വളരെ പരസ്യമായ ഒരു രഹസ്യമാണ്. നോക്കുന്ന നാല്പുവഴികളിലെല്ലാം ഹൈസ്സ്കൂളുകളും, കണ്ടുമുട്ടുന്ന ചെറുപ്പക്കാരിൽ ഒന്നിടവിട്ട് എല്ലാവരും പരീക്ഷക്ക് ചേർന്നിരിക്കുന്ന വിദ്യാർത്ഥികളും, അദ്ധ്യാപകരിൽ പകുതിയോളം പരീക്ഷകരും, അവരെ കണ്ടുമുട്ടുന്നതിനുള്ള യാത്രാസൗകര്യങ്ങളും സുലഭവും, അക്ഷരാഭ്യാസവുമായിരിക്കുമ്പോൾ അവിഹിതസമ്പർക്കങ്ങൾക്കുള്ള സാദ്ധ്യതകളും വളരെ വർദ്ധിക്കും. അതാണ് ഇന്നത്തെ നമ്മുടെ കേരളത്തിലെ അവസ്ഥ. രക്ഷിതാക്കന്മാർക്കും വിദ്യാർത്ഥികൾക്കും പരീക്ഷകരെ കണ്ടുമുട്ടുന്നതിനുള്ള സൗകര്യം ഇതുവളരെ ഉണ്ടായിരുന്നിട്ടും, അദ്ധ്യാപകരായ പരീക്ഷകരിലധികവും പട്ടിണിയോടു് മല്ലിട്ടുകഴിയുന്നവരായിരുന്നിട്ടും പരീക്ഷക്കടലാസ്സിന്റെ മണ്ഡലം പൊതുജീവിതത്തിലുള്ള മറ്റു മണ്ഡലങ്ങളെ അപേക്ഷിച്ച് എത്രയൊ പരിശുദ്ധമാണെന്നു് സമ്മതിച്ചേ മതിയാകൂ. ഇവിടെ കൈക്കുലി ഒരപവാദമാണെങ്കിൽ മറ്റു ചില വകുപ്പുകളിൽ കൈക്കുലി ഒരു പൊതുനിയമമാണു്. വേറെ വാക്കിൽപ്പറഞ്ഞാൽ ഒരദ്ധ്യാപക പരീക്ഷകൻ കൈക്കുലി വാങ്ങില്ലെന്നു പറഞ്ഞാൽ അതിലാശ്ചര്യപ്പെടേണ്ടതില്ല, മറിച്ചൊരു വാണിജവകുപ്പുദ്യോഗസ്ഥൻ വാങ്ങില്ലെന്നു പറഞ്ഞാൽ അതു് ഫലിതങ്ങളിലൊന്നായിട്ടേ ജനങ്ങൾ കരുതൂ. ഒറ്റതിരിഞ്ഞു് അവിടേയും ഇവിടേയും പരീക്ഷകർക്ക് ഇത്തരം പ്രലോഭനങ്ങൾ ഉണ്ടാകാവുന്നതു്. അതു കൂടി ഇല്ലായ്മ ചെയ്യുന്നതിനു് കേരള വിദ്യുദ്ധ്യോഗവകുപ്പ് ചില നടപടികൾ കൈക്കൊണ്ടിട്ടുള്ളതായി കാണുന്നു.

പരീക്ഷക്കടലാസ്സിലെ നമ്പറുകൾ കേന്ദ്ര ഓഫീസിൽ വെച്ചു് മാറ്റിയിടുന്ന പദ്ധതി വളരെ നല്ലതാണു്. പക്ഷെ അതിൽ അപാകതകൾ കടന്നുകൂടാൻ വളരെ എളുപ്പവുമുണ്ടു്. എഴുതിക്കിട്ടിയ കടലാസ്സിലെ നമ്പർ പരീക്ഷകനു് അയക്കുന്നതിനു മുമ്പു്, അതിന്റെ മാക്കിടലൊക്കെ കഴിഞ്ഞു് മടങ്ങിവരുമ്പോൾ ആദ്യത്തെ നമ്പറുകൾതന്നെ കൊടുക്കുമെന്നുറപ്പു് ഒരു ചില്ലറ തകരാറു സംഭവിച്ചാൽ ജയിക്കേണ്ടവൻ തോല്ക്കും, തോല്ക്കേണ്ടവൻ ജയിക്കും, പതിനായിരക്കണക്കിനു് പരീക്ഷക്കടലാസ്സുകളിൽ ഈ ഓപ്പറേഷൻ നടക്കേണ്ടതുള്ളതുകൊണ്ടു് നോട്ടപ്പിശകും ശ്രദ്ധയില്ലായ്മയും കടന്നുകൂടാൻ വളരെ എളുപ്പവുമുണ്ടു്. അതൊന്നും കടന്നുകൂടാതെ ആ ക്രമീകരണം സാധിക്കുകയാണെങ്കിൽ വളരെയധികം പരീക്ഷാക്കടലാസ്സ് വേട്ടക്കാരെ നിർമ്മാജ്ജനം ചെയ്യുന്നതിനു സാധിക്കും. അങ്ങിനെ അഹോരാത്രം പരിശ്രമിച്ചു് പഠിച്ചു് പരീക്ഷക്കു തയ്യാറായവർ മാത്രം ജയിക്കുന്ന പരിതഃസ്ഥിതി സംജാതമാക്കാൻ വിദ്യുദ്ധ്യോഗവകുപ്പ് കൈക്കൊണ്ടിരിക്കുന്ന നടപടിയെ ഞങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. അധ്യാപകമണ്ഡലത്തിൽ കടന്നുകൂടിയിട്ടുണ്ടെന്നു് ചിലർ വിശ്വസിക്കുന്ന മാലിന്യാംശം അകറ്റാനും ഇതുകൊണ്ടു് സാധിക്കുമല്ലൊ.

....o....

റേഡിയോ

ഏപ്രിൽ 2-നം-വെള്ളി

തിരുവനന്തപുരം, കോഴിക്കോട്ട്, തൃശ്ശൂർ,

454.5, 441.2, 517.2 മീറ്റർ.

കാലത്തു്

6_30 മംഗളവാദ്യം, സുഭാഷിതം
6_35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകൾ
6_40 വാർത്തകൾ ഇംഗ്ലീഷിൽ
6_45 ഭക്തിഗീതം
6_50 ഗാന്ധിമാർഗ്ഗം
7_15 ഇന്നത്തെ ചിന്താവിഷയം
7_20 ഭക്തിഗീതം
7_30 വാർത്തകൾ മലയാളത്തിൽ
7_45 അഞ്ജലി
8_00 വാർത്തകൾ ഇംഗ്ലീഷിൽ
8_15 നാനാസ്വരം

ഉച്ചതിരിഞ്ഞു്

12_30 പ്രാദേശികവാർത്തകൾ
12_35 ചലച്ചിത്രഗാനങ്ങൾ
1_20 വാർത്തകൾ മലയാളത്തിൽ
1_30 ലളിതഗാനങ്ങൾ
1_40 വാർത്തകൾ ഹിന്ദിയിൽ
1_50 സുഗമസംഗീതം
2_00 കാലാവസ്ഥ
5_30 തൊഴിലാളിമണ്ഡലം
6_00 പ്രാദേശിക അറിയിപ്പുകൾ
6_05 പ്രാദേശികവാർത്തകൾ
6_15 നാട്ടിൻപുറം
7_00 രാഷ്ട്രത്തിന്റെശക്തി (മലയാള പ്രഭാഷണം)
7_10 ചലച്ചിത്ര ഗാനങ്ങൾ
7_30 വാർത്തകൾ മലയാളത്തിൽ
7_45 വയലിൻ ആൻറ് മൃദംഗം
8_50 പാർലമെൻറ് ഇന്നു്
9_00 വാർത്തകൾ ഇംഗ്ലീഷിൽ
9_15 സംസ്കൃതപരിപാടി
9_30 കവിയുടെ സപ്തപ്രേമം (സംഗീതാവിഷ്കരണം)
10_00 നാഗസ്വരം
10_30 വാർത്തകൾ ഇംഗ്ലീഷിൽ
10_35 സമാപനം.

....

ആലപ്പുഴ വാർത്തകൾ

(സ്വ ലേ) മാർച്ച് 31

ഏപ്രിൽ 5 മുതൽ 9 വരെയുള്ള തിയ്യതികളിലും 26 മുതൽ 27 വരെയുള്ള തിയ്യതികളിലും തിരുവല്ലാ ബാർ അസ്സോസ്സിയേഷൻ ഹാളിൽവെച്ചും, 20 മുതൽ 24 വരെയുള്ള തീയതികളിലും 29 മുതൽ 30 വരെയുള്ള തീയതികളിലും മാവേലിക്കര പി. ഡബ്ലിയു. ഡി. ക്യാമ്പ് ഷെഡ്ഡിൽവെച്ചും മുടക്കമില്ലാതെ ജനാധിപത്യമൂല്യങ്ങളും ജനതാല്പര്യവും കാത്തുസൂക്ഷിക്കേണ്ട കടമ ആ പ്രസ്ഥാനത്തിനുണ്ടു്. ആ ഉത്തരവാദിത്വനിർവ്വഹണത്തിൽ ആർ എതുകണ്ടു് സത്യസന്ധത പാലിക്കുന്നു എന്നതിന്റെ മാറ്റുരച്ചു നോക്കുന്ന ഒരവസരമായിരുന്നു നാം പിന്നിട്ടതു്. ആ സന്നിഗ്ദ്ധസന്ധിയിൽ പല വിശ്വാസപ്രമാണങ്ങളും പൊട്ടിത്തകരുമെന്ന ഭയവും ആരോപണവും വിമർശനവും ഉയർന്നുവരുന്നതും വരും.

ശവപ്പറമ്പിലെ ചൂടോട്ടഹാസം

നാമെല്ലാം തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചതു് ഇവിടെ നിലവിലിരുന്ന പ്രസിഡൻഷ്യൽഭരണം ഒഴിവാക്കുന്നതിനുവേണ്ടി സാഹചര്യം സൃഷ്ടിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെയായിരുന്നു. പ്രസിഡൻഷ്യൽഭരണം ജനാധിപത്യമൂല്യങ്ങളമായി ഇണങ്ങിപ്പോകില്ലെന്നുറപ്പുള്ളതുകൊണ്ടാണ് പുറംവാതിലിലൂടെയുള്ള ആ കോൺഗ്രസ് ആധിപത്യത്തെ കേരളം എതിർത്തതു്. ആ എതിർപ്പ് ഇന്നും പാറുകയും ചെയ്തു. കേരളത്തെയാകമാനം, കഴിയിൽ ചാടിക്കുമെന്ന ഭീഷണിപ്പെടുത്തൽ കോൺഗ്രസ്സിതരർ പ്രസിഡണ്ടുഭരണത്തെ എതിർത്തതു്. അതൊരു ഉത്ഗ്രാക്ഷസനെന്ന ഭയവും ഇവിടെയുണ്ടാക്കുമുണ്ടായിട്ടില്ല. ജനാധിപത്യത്തിന്റെ ശവപ്പറമ്പിൽ സ്ഥാപിതതാല്പര്യങ്ങളും ബൂർഷ്വാമനോഭാവവുമൊക്കെയുള്ള കോൺഗ്രസ് ചുടലഭദ്രകാളിമാർ അഴിച്ചുവിടുന്ന ചുടലാട്ടഹാസങ്ങളിലും പേക്കൂത്തുകളിലും ജനത ഉൽക്കണ്ഠയുള്ളവരായിരുന്നു.

നല്ലപിള്ളചമയാനുള്ള ശ്രമം

പ്രസിഡണ്ടുഭരണം വന്നാലും വേണ്ടില്ലെന്നു് 'മനക്കടി'കൊണ്ടു് പറഞ്ഞുപോയ ഇവർ ചൂണ്ടിക്കാണിക്കുന്നതു് കമ്മ്യൂണിസ്റ്റ് ഇമ്പിച്ചീയാണ്. കമ്മ്യൂണിസ്റ്റുകാർ ഭരിക്കാതിരിക്കട്ടെ എന്നാണവരുടെ ആശ. നല്ലതുതന്നെ. ആ ആശകൊണ്ടവർ പലരേയും പുല്ലുഭക്ഷണത്തുനോക്കി. അതും നല്ലതുതന്നെ. ഇതൊക്കെക്കഴിഞ്ഞു് ഇവിടെയൊരു മന്ത്രിസഭയുണ്ടാകാത്തതിനു് '67 സ്ഥാനങ്ങൾ' നേടിയ കോൺഗ്രസ്സിതരരെ അവരാക്കെക്കൂട്ടി ആക്ഷേപിക്കുന്നു. ഇവിടെ പ്രസിഡണ്ടുഭരണം ക്ഷണിച്ചുവരുത്തിയതിനുത്തരവാദിത്വം കോൺഗ്രസ്സിനെ തോല്പിച്ചവരുടെ തലയിൽ കെട്ടിവച്ചു് നല്ലപിള്ളചമയാൻ കോൺഗ്രസ് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമം രാഷ്ട്രീയ തത്പരീക്ഷയെ മുക്കിക്കൊല്ലുന്ന നിന്ദ്യമായ ഒരേർപ്പാടാണ്. ഈ വിശകലനത്തിന്റെ നിഷ്കൃഷ്ടത്തിൽ നിന്നുകൊണ്ടുതന്നെ നമുക്ക് യഥാർത്ഥ പ്രശ്നങ്ങളെക്കുറിച്ചൊന്നുപഗ്രഥിച്ചു നോക്കാം.

ആക്രം കേവലഭൂരിപക്ഷം ലഭിച്ചില്ല

133 സീറ്റുകളുള്ള നിയമസഭയിൽ കക്ഷിനില താഴെ പറയുംപോലെയായിരുന്നു. ഇടതു് കമ്മ്യൂ: 40, കോൺഗ്രസ്സ് 36, കേരളകോൺഗ്രസ്സ് 23, എസ്സ്. എസ്സ്. പി. 13, മുസ്ലീംലീഗ് അവരുടെ സ്വതന്ത്രനുംകൂടി 11, വലതു കമ്മ്യൂ: 3, സ്വതന്ത്രർ 4, കേരളകോൺ. സ്വത 1, കെ. ടി. പി. 1, സ്വതന്ത്രപാർട്ടി 1. ഈ പാർട്ടിനിലവാരം വ്യക്തമായി ഇവിടെ എടുത്തു് പകർത്തിയതു് കോൺഗ്രസ്സ് നിലപാടിനെ ഒന്നപഗ്രഥിക്കാൻ വേണ്ടിയായിരുന്നു. കോൺഗ്രസ്സ് ഒരു മന്ത്രിസഭക്കുവേണ്ടി വോട്ടുചോദിച്ചതുപോലെ, ഇതരരാഷ്ട്രീയസംഘടനകളും കാരോനും ഒരു മന്ത്രിസഭക്കു വേണ്ടിത്തന്നെവോട്ടുചോദിച്ചു. അവക്ക് ഓരോരുത്തർക്കും വേറെവേറെ തലത്തിൽ കേവലഭൂരിപക്ഷം ലഭിച്ചിട്ടില്ല. ഒരുകാര്യം സത്യമാണ്—ഇവരെല്ലാം കോൺഗ്രസിതരമന്ത്രിസഭക്കുവേണ്ടി വോട്ടുചോദിച്ച എന്നതു്. അപ്പോൾ, ഒരു കോൺഗ്രസ്സേതരമന്ത്രിസഭാ രൂപീകരണവിഷയത്തിൽ മാത്രമുള്ളവക്ക് കുറെവഴിയെങ്കിലും, മുന്നോട്ടുപോകാൻ ബാദ്ധ്യതയുണ്ട്. ഈ ബാദ്ധ്യത അവർ നിറവേറ്റിയോ?

ഗൂഢാലോചന

ഉണ്ടെന്നതന്നെയാണ് എന്റെ ഉറച്ച വിശ്വാസം. കോൺഗ്രസ്സേതരപാർട്ടികളും ഇവിടെയൊരു മന്ത്രിസഭയുണ്ടാക്കാൻ കഴിയുന്നതു ശ്രമം നടത്തിയെങ്കിലും ആ ശ്രമങ്ങളെ തകർക്കാൻകോൺഗ്രസ്സുവിടെ ഗൂഢാലോചന നടത്തി.

തെരഞ്ഞെടുപ്പിനുശേഷം പ്രത്യക്ഷപ്പെട്ട കക്ഷിനില വെച്ചുകൊണ്ടു് ഇവിടെ ഒരു മന്ത്രിസഭക്കു് എന്തൊക്കെ സാദ്ധ്യതകളുണ്ടായിരുന്നു എന്നു് നാം മുമ്പു് ഊന്നി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കോൺഗ്രസ്സ് ഭരിക്കാനൊ ഭരിക്കുന്നവക്ക് പിന്തുണ കൊടുക്കാനൊ ഇല്ലെന്നു് വ്യക്തമാക്കി. കേരളാകോൺഗ്രസ്സ് തങ്ങൾക്കു ഭരിക്കാനാഗ്രഹമില്ലെന്നും നൽകണമെന്നാവശ്യപ്പെട്ടു. ഇടതുകമ്മ്യൂണിസ്റ്റുകളാവട്ടെ, ഒസ്സികൾ അവരെ ഭരിക്കാനനുവദിക്കുക; അല്ലെങ്കിൽ എസ്. എസ്. പി. ഭരണമേൽക്കട്ടെ എന്നു് പറഞ്ഞു. ഇടതുകമ്മ്യൂണിസ്റ്റുകളെ ഭരിക്കാനനുവദിക്കുക എന്നാദ്യം എസ്. എസ്. പി. അഭിപ്രായപ്പെട്ടു. എല്ലാ സദ്ധ്യതകളും നഷ്ടപ്പെടാതിരിക്കാൻ എസ്. എസ്. പി. സ്വയം ഭരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഒരു കോൺഗ്രസ്സിതരഭരണംകൂടി തന്നിനു് കെ. കെ. പി. മഹാഭിച്ചു. അതിനുള്ള ക്രിയാത്മക പ്രവർത്തനങ്ങൾക്കും മാർഗ്ഗം വെട്ടിതുറന്നു.

രണ്ടുകൂട്ടരുടെ അവകാശവാദങ്ങൾ

ഈ സ്ഥിതിവിശേഷത്തിൽ നിന്നുകൊണ്ടുതന്നെ നമുക്കല്പംകൂടി ആഴത്തിൽ ചിന്തിച്ചു നോക്കാം. കേരള കോൺഗ്രസ്സ് 53 പേരടെ പിന്തുണയാണവകാശപ്പെട്ടതു്. എങ്ങിനെയാണിതുണ്ടായതു് ഈ തെരഞ്ഞെടുപ്പോടെയാണെന്നും നാം മാക്കരുതു്. ലീഗിനുള്ളതുപോലെ ഒരു ഫോർമുലയും സ്വീകാര്യമായ പ്രവർത്തനപദ്ധതിയും അംഗീകരിച്ചുകൊണ്ടു് കോൺഗ്രസ്സ് കഴിഞ്ഞതവണ ഭരിച്ചപ്പോൾ അവരിൽ വന്നുചേർന്നതാണു് ഈ പിന്തുണ. ഇന്നുവരെ ഇതിനുള്ള സാഹചര്യമുണ്ടായിട്ടില്ല. ഇന്നുവരെ ഇതിനുള്ള സാഹചര്യമുണ്ടായാൽ തനിക്കു് 61 പേരുടെ പിന്തുണയുണ്ടാവുമെന്നു് ഈ. എം. എസ്. പറഞ്ഞു. ലീഗിന്റെ കൂടി സഹായം അദ്ദേഹം പ്രതീക്ഷിക്കുകയും അങ്ങിനെ വർക്കിങ്ങ് മെജോരിറ്റി അവകാശപ്പെടുകയും ചെയ്തു.

മന്നത്തിന്റെ നിർദ്ദേശം

ഇതൊക്കെ വെച്ചുകൊണ്ടു് ഇവിടെയൊരു മന്ത്രിസഭയുണ്ടാക്കാൻ എങ്ങിനെ കഴിയും? ഒരു കോൺഗ്രസ്സേതര മന്ത്രിസഭയ്ക്കു് 67 നിയമസഭാസാമാജികരുടെ പിന്തുണ ആവശ്യമായിരുന്നു. കേരള കോൺഗ്രസ്സ് ഇവിടെയൊരു മന്ത്രിസഭയുണ്ടാക്കാൻ തങ്ങൾക്കു് അവസരം നൽകണമെന്നു് പറഞ്ഞപ്പോൾ അവരുടെ ആകെ കൈമുതൽ ലീഗടക്കം 36 പേരുടെ പിന്തുണയായിരുന്നു. 36 പേരെവെച്ചു് 133പേരുടെ നിയമസഭയിൽ കെ. എം. ജോർജ്ജിനു് മുഖ്യമന്ത്രിയാവാൻ കഴിയുമെന്നതു് ഒരു പൂതി മാത്രമായിരുന്നു. ഇവിടെയൊരു കോൺഗ്രസ്സേതര മന്ത്രിസഭയുണ്ടാക്കുമ്പോൾ തന്റെ പാർട്ടി തയ്യാറാണെന്ന നിലപാടായിരുന്നു നിയമസഭയിലെ വലിയ കക്ഷിയായ ഇടതുകമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് ഇ. എം. എസ്സ്. അംഗീകരിച്ചതു്. കേരള കോൺഗ്രസ്സിന്റെ താത്വികാചാര്യനായ മന്നത്തു് പദ്മനാഭൻ കോൺഗ്രസ്സിൻ, കൂട്ടുണ്ടെങ്കിലേ ഭരിക്കാൻ പാടുള്ളു എന്നു് അവക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞിരുന്നു. അതു് ലംഘിച്ചാൽ താനും തന്റെ പാർട്ടിയും തയ്യാറാകുമെന്നു് ജേ ജിന്നാറിയുകയുംചെയ്തുംകാണിച്ചുതന്നു. അങ്ങിനെ മുപ്പത്തിയാറിന്റെ പിൻബലമുള്ളവർ (23+1+1+11) 53-ന്റെ കണക്കും കൂട്ടിയിരുന്നു. കേരളാ കോൺഗ്രസ്സിനു് ലീഗ് ബന്ധം ഒരാവശ്യമായി തോന്നിയതു് ഈ തെരഞ്ഞെടുപ്പോടെയാണെന്നും നാം മാക്കരുതു്. ലീഗിനെപ്പോലെ കേരള കോൺഗ്രസ്സിനും അവരിൽ വലിയൊരു വിഭാഗത്തിനും പിന്നിലെ ആൾശ്രുദ്ധിയിൽ ജനതക്ക് സംശയമുണ്ടു്. മാത്രമല്ല, പ്രസിഡണ്ടുഭരണം നീട്ടണമൊ വേണ്ടയൊ എന്നതിനെസംബന്ധിച്ചു് വെള്ളിയാഴ്ച നടന്ന ഒരു പ്രസ്താവനയിലാണു് മാച്ച് മാസം 23-നം-യോടെ വ്യക്തമാക്കപ്പെട്ടതു്. അതിനിടെ വെളിച്ചത്തിലായിരുന്ന തങ്ങൾക്ക് രണ്ടു ദിവസത്തേക്കുകൂടി അവസരം നല്കണമെന്നു് കേരള കോൺഗ്രസ്സും ലീഗും മാറിമാറി കേന്ദ്രത്തോടാവശ്യപ്പെട്ടതു്. കേരള കോൺഗ്രസ്സിനെ സമുചിതമായ ഈ പദനാന്തരത്തിലേക്കിറക്കിക്കൊണ്ടുവന്ന പശ്ചാത്തലം അങ്ങിനെതന്നെ കിടക്കട്ടെ. എന്നാലും ഒരു മന്ത്രിസഭാരൂപീകരണത്തിനുള്ള സാദ്ധ്യതാ ഇവിടെയുണ്ടായിരുന്നു എന്നു സത്യമാക്കരുതു്; മറച്ചുവക്കരുതു്. കേരള കോൺഗ്രസ്സിന്നു് 36 ന്റെ പിന്തുണയും ഇ. എം. എസ്സിന്നു് 61 ന്റെ പിന്തുണയുമല്ലെ അവകാശപ്പെടാൻ കഴിഞ്ഞുള്ളു; പിന്നെ അവരിലാരെങ്കിലും മന്ത്രിസഭയുണ്ടാക്കുമെന്നു് ജനങ്ങളെങ്ങിനെ വിശ്വസിക്കും എന്നും ചിലർ ചോദിച്ചേക്കാം. ജനവികാരത്തേയും അവരുടെ താല്പര്യത്തേയും കണക്കിലെടുത്തുകൊണ്ടു് ആ താല്പര്യങ്ങളുടേയും വികാരങ്ങളുടേയും പുണ്ണ്യതക്കവേണ്ടി തത്വങ്ങളും ബലി കഴിക്കാതെ തന്നെ കഴിയുന്നതു വിട്ടുവീഴ്ചകൊണ്ടു് തെയ്യാറാവുക എന്നതാണു് രാജ്യതാല്പര്യത്തെ മുന്നിൽ കാണുന്ന ഏതൊരു രാഷ്ട്രീയപാർട്ടിയുടേയും ഉത്തരവാദിത്വം. ബാദ്ധ്യതയുമാണ്. ആ അടിസ്ഥാനത്തിൽ, പ്രസിഡണ്ടുഭരണവും കോൺഗ്രസ്സ് ഭരണവും ഒഴിവാക്കണമെന്ന ജനാഭിലാഷം മാനിക്കാൻ കോൺഗ്രസ്സിതരർ സന്നദ്ധരായി എന്നമാത്രം മനസ്സിലാക്കുക.

കേന്ദ്രത്തിന്റെ ടോർപിഡോ

ഈ സാദ്ധ്യതകളുടെ കൊട്ട അടക്കുന്നതിനുവേണ്ടിമാത്രമായിരുന്നു മാ. 24നുതന്നെ കേരളത്തിൽ രാഷ്ട്രപതി ഭരണം നീട്ടിക്കൊണ്ടുള്ള വിളംബരം പുറത്തുവന്നതു്, കേരളത്തിൽ പ്രസിഡണ്ടുഭരണം നീട്ടണമൊ വേണ്ടയൊ എന്നതിനെ സംബന്ധിച്ചു് മാ. 26 വെള്ളിയാഴ്ച പാർലിമെന്റിൽ താനൊരു പ്രസ്താവന നല്കുമെന്നു് ബുദ്ധിമാനെന്നവകാശപ്പെടുന്ന 'കരുത്തനായ അഭ്യന്തരമന്ത്രി' മാ. 23നു് പാർലിമെന്റിൽ പറയുകയുണ്ടായി. എന്നിട്ടു്, ആ തീരുമാനം മാറ്റി പിറേറന്നത്തന്നെ പ്രസ്താവന പുറപ്പെടുവിച്ചതിനു് എന്തെങ്കിലും നീതീകരണം നല്കാൻ ഇതുവരെ അവക്കു് കഴിഞ്ഞിട്ടില്ല. കാര്യങ്ങൾ രണ്ടു ദിവസംകൊണ്ടത്തന്നെ നടത്തണമെന്നു് 'കനത്ത മുതലാലാണ്ടോ' കോൺഗ്രസ്സ് രഹസ്യമായും ഇരിക്കണമെന്നു് വ്യക്തമായും ആവശ്യപ്പെട്ടതിനു് പിന്നിലെ ആൾശ്രുദ്ധിയിൽ ജനതക്ക് സംശയമുണ്ടു്. മാത്രമല്ല, പ്രസിഡണ്ടുഭരണം നീട്ടണമൊ വേണ്ടയൊ എന്നതിനെസംബന്ധിച്ചു് വെള്ളിയാഴ്ച നടന്ന ഒരു പ്രസ്താവനയിലാണു് മാച്ച് മാസം 23-നം-യോടെ വ്യക്തമാക്കപ്പെട്ടതു്. അതിനിടെ വെളിച്ചത്തിലായിരുന്ന തങ്ങൾക്ക് രണ്ടു ദിവസത്തേക്കുകൂടി അവസരം നല്കണമെന്നു് കേരള കോൺഗ്രസ്സും ലീഗും മാറിമാറി കേന്ദ്രത്തോടാവശ്യപ്പെട്ടതു്. കേരള കോൺഗ്രസ്സിനെ സമുചിതമായ ഈ പദനാന്തരത്തിലേക്കിറക്കിക്കൊണ്ടുവന്ന പശ്ചാത്തലം അങ്ങിനെതന്നെ കിടക്കട്ടെ. എന്നാലും ഒരു മന്ത്രിസഭാരൂപീകരണത്തിനുള്ള സാദ്ധ്യതാ ഇവിടെയുണ്ടായിരുന്നു എന്നു സത്യമാക്കരുതു്; മറച്ചുവക്കരുതു്. കേരള കോൺഗ്രസ്സിന്നു് 36 ന്റെ പിന്തുണയും ഇ. എം. എസ്സിന്നു് 61 ന്റെ പിന്തുണയുമല്ലെ അവകാശപ്പെടാൻ കഴിഞ്ഞുള്ളു; പിന്നെ അവരിലാരെങ്കിലും മന്ത്രിസഭയുണ്ടാക്കുമെന്നു് ജനങ്ങളെങ്ങിനെ വിശ്വസിക്കും എന്നും ചിലർ ചോദിച്ചേക്കാം. ജനവികാരത്തേയും അവരുടെ താല്പര്യത്തേയും കണക്കിലെടുത്തുകൊണ്ടു് ആ താല്പര്യങ്ങളുടേയും വികാരങ്ങളുടേയും പുണ്ണ്യതക്കവേണ്ടി തത്വങ്ങളും ബലി കഴിക്കാതെ തന്നെ കഴിയുന്നതു വിട്ടുവീഴ്ചകൊണ്ടു് തെയ്യാറാവുക എന്നതാണു് രാജ്യതാല്പര്യത്തെ മുന്നിൽ കാണുന്ന ഏതൊരു രാഷ്ട്രീയപാർട്ടിയുടേയും ഉത്തരവാദിത്വം. ബാദ്ധ്യതയുമാണ്. ആ അടിസ്ഥാനത്തിൽ, പ്രസിഡണ്ടുഭരണവും കോൺഗ്രസ്സ് ഭരണവും ഒഴിവാക്കണമെന്ന ജനാഭിലാഷം മാനിക്കാൻ കോൺഗ്രസ്സിതരർ സന്നദ്ധരായി എന്നമാത്രം മനസ്സിലാക്കുക.

കേന്ദ്രത്തിന്റെ ടോർപിഡോ

ഈ സാദ്ധ്യതകളുടെ കൊട്ട അടക്കുന്നതിനുവേണ്ടിമാത്രമായിരുന്നു മാ. 24നുതന്നെ കേരളത്തിൽ രാഷ്ട്രപതി ഭരണം നീട്ടിക്കൊണ്ടുള്ള വിളംബരം പുറത്തുവന്നതു്, കേരളത്തിൽ പ്രസിഡണ്ടുഭരണം നീട്ടണമൊ വേണ്ടയൊ എന്നതിനെ സംബന്ധിച്ചു് മാ. 26 വെള്ളിയാഴ്ച പാർലിമെന്റിൽ താനൊരു പ്രസ്താവന നല്കുമെന്നു് ബുദ്ധിമാനെന്നവകാശപ്പെടുന്ന 'കരുത്തനായ അഭ്യന്തരമന്ത്രി' മാ. 23നു് പാർലിമെന്റിൽ പറയുകയുണ്ടായി. എന്നിട്ടു്, ആ തീരുമാനം മാറ്റി പിറേറന്നത്തന്നെ പ്രസ്താവന പുറപ്പെടുവിച്ചതിനു് എന്തെങ്കിലും നീതീകരണം നല്കാൻ ഇതുവരെ അവക്കു് കഴിഞ്ഞിട്ടില്ല. കാര്യങ്ങൾ രണ്ടു ദിവസംകൊണ്ടത്തന്നെ നടത്തണമെന്നു് 'കനത്ത മുതലാലാണ്ടോ' കോൺഗ്രസ്സ് രഹസ്യമായും ഇരിക്കണമെന്നു് വ്യക്തമായും ആവശ്യപ്പെട്ടതിനു് പിന്നിലെ ആൾശ്രുദ്ധിയിൽ ജനതക്ക് സംശയമുണ്ടു്. മാത്രമല്ല, പ്രസിഡണ്ടുഭരണം നീട്ടണമൊ വേണ്ടയൊ എന്നതിനെസംബന്ധിച്ചു് വെള്ളിയാഴ്ച നടന്ന ഒരു പ്രസ്താവനയിലാണു് മാച്ച് മാസം 23-നം-യോടെ വ്യക്തമാക്കപ്പെട്ടതു്. അതിനിടെ വെളിച്ചത്തിലായിരുന്ന തങ്ങൾക്ക് രണ്ടു ദിവസത്തേക്കുകൂടി അവസരം നല്കണമെന്നു് കേരള കോൺഗ്രസ്സും ലീഗും മാറിമാറി കേന്ദ്രത്തോടാവശ്യപ്പെട്ടതു്. കേരള കോൺഗ്രസ്സിനെ സമുചിതമായ ഈ പദനാന്തരത്തിലേക്കിറക്കിക്കൊണ്ടുവന്ന പശ്ചാത്തലം അങ്ങിനെതന്നെ കിടക്കട്ടെ. എന്നാലും ഒരു മന്ത്രിസഭാരൂപീകരണത്തിനുള്ള സാദ്ധ്യതാ ഇവിടെയുണ്ടായിരുന്നു എന്നു സത്യമാക്കരുതു്; മറച്ചുവക്കരുതു്. കേരള കോൺഗ്രസ്സിന്നു് 36 ന്റെ പിന്തുണയും ഇ. എം. എസ്സിന്നു് 61 ന്റെ പിന്തുണയുമല്ലെ അവകാശപ്പെടാൻ കഴിഞ്ഞുള്ളു; പിന്നെ അവരിലാരെങ്കിലും മന്ത്രിസഭയുണ്ടാക്കുമെന്നു് ജനങ്ങളെങ്ങിനെ വിശ്വസിക്കും എന്നും ചിലർ ചോദിച്ചേക്കാം. ജനവികാരത്തേയും അവരുടെ താല്പര്യത്തേയും കണക്കിലെടുത്തുകൊണ്ടു് ആ താല്പര്യങ്ങളുടേയും വികാരങ്ങളുടേയും പുണ്ണ്യതക്കവേണ്ടി തത്വങ്ങളും ബലി കഴിക്കാതെ തന്നെ കഴിയുന്നതു വിട്ടുവീഴ്ചക

മുഗൾ സാമ്രാജ്യത്തിന്റെ അന്ത്യം

കലങ്ങിയ കണ്ണുകളുമായി ലാൽബഹദൂർശാസ്ത്രി വിദൂരതയിലേക്കുറ്റുനോക്കുന്നു—'കൂടപ്പിറപ്പു'കളുടെ "കൊലവിളി"കൾക്കു മുമ്പിൽ പ്രധാനമന്ത്രിക്കു് വല്ലാത്ത അസ്വസ്ഥത—കേന്ദ്രത്തിലെ കുഞ്ഞാടുകൾ അങ്ങുമിങ്ങും മേഞ്ഞു നടക്കുന്നു

കേന്ദ്രത്തിൽ അധികാരക്കസേരകൾ ഇനിയും അഴിച്ചുകൂട്ടാൻ സാദ്ധ്യത

(രാഷ്ട്രീയലേഖകൻ) ന്യൂഡൽഹി, ഏപ്രിൽ 1

പ്രധാനമന്ത്രി ശാസ്ത്രിയുടെ നേക്കു് പണ്ഡിറ്റ്ജിയുടെ സഹോദരിയായ വിജയലക്ഷ്മിപണ്ഡിറ്റ് പാർലിമെൻറിൽവച്ചു് നടത്തിയ "കയ്യേറ്റ"വും ഇന്ദിരയുടെ നിശബ്ദതയും കേരളക്കാര്യം തുടങ്ങിയ അനവധി കാര്യങ്ങളിൽ പ്രമുഖരായ കോൺഗ്രസ്സുകാർ നടത്തിയ വിമർശനവിഷയവും വിദേശയാത്രക്കു് ഒരുങ്ങി നില്ക്കുന്ന ശാസ്ത്രിയെ ഒരു പ്രതിസന്ധിഘട്ടത്തിലെത്തിച്ചിരിക്കുകയാണെന്നു് റിപ്പോർട്ടു് ചെയ്യപ്പെടുന്നു.

പാല്ലിമെൻറിന്റെ ഉപശാലാവൃത്തങ്ങളും ഇന്നു് ഗ്രൂപ്പു് രാഷ്ട്രീയത്തിന്റെ വെടിമരുന്നറയായി മാറിയിരിക്കുകയാണു്. അവിടത്തെ രഹസ്യാലോചനകളുടെ പിരിമുറുക്കത്തിനനുസരിച്ചുള്ള പൊട്ടലും ചീറ്റലുകളുമാണു് ചിലപ്പോൾ പാല്ലിമെൻറിൽ കോൺഗ്രസ്സുകാരുടെ ദിനചര്യയായി മാറിയിരിക്കുകയാണു്. അഭിനവ ആരോപണത്തിന്റെ കരിപുരളാത്ത നാലണു കൈകൾ മാത്രമേ അവിടെ കാണാനുള്ളൂ. അവരും അഴിമതി മൂടിവെയ്ക്കാൻ നിബ്ബന്ധിക്കപ്പെടുകയാണു്, അതിനവർ വഴങ്ങിയില്ലെങ്കിൽ ശാസ്ത്രി മൽൽപേരുടെ കസേരകൾ അടി നിരങ്ങുന്നതു് പെട്ടെന്നു കഴിഞ്ഞെന്നുവരും.

ഈ രൂപലാമലകളുടെ മദ്ധ്യത്തിൽ ശാസ്ത്രി ഇന്നു് നിസ്സഹായനാണു്. ഒരു പാവയാണെന്നു് പറയുകയായിരിക്കും കൂടുതൽ ശരി. എന്തു ചെയ്യണം, എന്തു് ചെയ്യരുതു് എന്നു് തീരുമാനിക്കാൻ വേറെ ആളുകളുണ്ടു്. അവരുടെ ശബ്ദം ശാസ്ത്രിയിലൂടെ വന്നാൽ എന്നു മാത്രം. മുടിവെക്കപ്പെട്ട സി. ബി. ഐ. റിപ്പോർട്ടു്, ഇടതുപക്ഷ അറസ്റ്റു്, കേരളത്തിലെ പെരുമാറ്റഭേദം എന്നിങ്ങനെ നീണ്ടുപോകുന്ന ആ നയവൈകല്യങ്ങളുടെ പട്ടികയിൽ ശാസ്ത്രി ഒരു പരിധിവരെ നിരപരാധിയാണു്. അവയ്ക്കെല്ലാം ശാസ്ത്രിയെക്കൊണ്ടു് ഉത്തരവാദിത്വമാത്രമാണുണ്ടായതു് എന്ന സത്യം പലരും അറിഞ്ഞുകാണുകയില്ല.

ശാസ്ത്രിക്കു് കിട്ടിയ മുൾമുടി

ഇന്നു് ഒരു പ്രധാനമന്ത്രിപദം ലഭിച്ചതിൽ ലോകത്തിൽ ഏറ്റവും കൂടുതൽ കുണ്ഠിതപ്പെടുന്നതും ശാസ്ത്രി തന്നെയായിരിക്കും. കുറെ കള്ളമൂരികളുടെ കൂട്ടത്തിൽ ആ പാവം എന്താണു് ചെയ്യുക ?

ഇതുവരെയും അദ്ദേഹം പാല്ലിമെണ്ടിലെ വീഭിന്നഗ്രൂപ്പുകളെ ഒരു പരിധിവരെ സംയോജിപ്പിച്ചു പോന്നു. ഇനി അതു് സാദ്ധ്യമല്ലാത്ത നിലയാണുള്ളതു്. മറവുള്ളവക്കു് വേണ്ടി എല്ലാ തെറ്റുകളും ചെയ്യുന്ന ശാസ്ത്രിതന്നെയാണു എല്ലാ പാപഭാരങ്ങളും ചുമക്കാനുള്ള വ്യക്തി എന്നതാണു് വേദനാജനകം.

അതിനെല്ലാം അദ്ദേഹം പരിചയിച്ചു കഴിഞ്ഞ. എന്നാലും എല്ലാ ഗ്രൂപ്പുകളും ഒന്നു് ഉള്ളു് തണുത്തു് കാണണ്ടേ? അതുമാത്രം കാണാനില്ല. തന്റെ എല്ലാ പ്രസ്താവനകളും പണയംവെച്ചു് എല്ലാ കാളകളുടെയും പാദങ്ങളിലും തൊഴുതിൽ അണക്കാൻ അദ്ദേഹം ശ്രമിക്കുന്നുണ്ടു്. പക്ഷേ അതു് വിജയിക്കുന്ന കാര്യത്തിലാണു് പരാജയം. ആരെല്ലാമാണു് തനിക്കും സക്കാരിനും എതിരെ അക്ഷോപങ്ങളുമായി വരുന്നതെന്നോക്കുമ്പോഴാണു അദ്ദേഹത്തിന്റെ ഉള്ളു് ചട്ടുപോലുന്നതു്.

വിജയലക്ഷ്മിയുടെ ഗണപതിക്കൈ

മൻപ്രധാനമന്ത്രി നെഹ്രുവിന്റെ സഹോദരി വിജയലക്ഷ്മിപണ്ഡിറ്റ്നെഹ്രുവിന്റെ ഇഷ്ടതോഴൻ വി. കെ. കൃഷ്ണമേനോൻ, മദറാസ്സ ഗ്രൂപ്പ് സംഘടകനായ മാളവ്യ, ഒറീസ്സയിലെ പൂലിയായ മേത്താബു്, മുൻ പഞ്ചാബു് ഗവർണ്ണർ ഗാഡ്ഗിൽ, കോൺഗ്രസ്സിലെ പ്രഗത്ഭന്മാരായ ഖാദിൽക്കർ, സുധീർഘോഷു്, സുപ്രൂ അങ്ങിനെ ഒരു നീണ്ട പട്ടിക ആ ഇനത്തിൽ പെടുന്നു.

ഇവരേ മുൻപന്തിയിലുള്ള എന്ന കരുതി ബാക്കിയെല്ലാം നല്ലപിള്ളകളാണെന്ന ബോധ്യം ശാസ്ത്രിക്കില്ല. പുറത്തുള്ള വരേക്കാൾ വലിയവർ അളയിലാണു്, ദേശായിയും ഇന്ദിരാഗാന്ധിയും ജഗജ്ജീവൻറാമും, അണിയറയിൽ ചുട്ടികുത്തിക്കൊണ്ടിരിക്കുകയാണു്.

പ്രതിപക്ഷംതന്നെ കിട്ടിയാൽ കടിച്ചുകീറാൻ തയ്യാറാണു്. പ്രത്യേകരാഷ്ട്രീയപ്പുനിയൊന്നുമില്ലാത്ത രൂപകണക്കിനു പ്രഗത്ഭന്മാരുടെ വിമർശനവും ശാസ്ത്രിക്കു നിരന്തരം തന്നെയാണു് ഉയർന്നുകൊണ്ടിരിക്കുന്നതു്.

കോൺഗ്രസ്സിലെ കതികൾ വെട്ടിക്കുറക്കേണ്ടിയാണു് അദ്ദേഹം ഈ കൈപ്പുള്ള കാസ കുടിക്കുന്നതും.

ഇടതു്കമ്മ്യൂ: അറസ്റ്റും ശാസ്ത്രിയുടെ പ്രയാസവും

ഇടതുപക്ഷ നേതാക്കന്മാരുടെ അറസ്റ്റു് കാര്യത്തിൽ ശാസ്ത്രിയ്ക്കു് അത്ര അഭിപ്രായമൊന്നുമില്ലായിരുന്ന എന്നാണറിയാൻ കഴിഞ്ഞതു്. ഒരു പ്രബല വിഭാഗം അതിനു് ശാസ്ത്രിയെ നിർബ്ബന്ധിച്ച. നന്ദ മുതൽപേക്കാണു് അതിന്റെ നേതൃത്വം. അവസാനംഅവരെ അറസ്റ്റു് ചെയ്യാൻ ശാസ്ത്രി സമ്മതം മൂളി. ജനതയുടെ വികാരം അതിനെതിരായിരുന്നു. കേരളത്തിലെ തിരഞ്ഞെടുപ്പു് ഫലങ്ങളും ആ തീരുമാനത്തിനെതിരായി തന്നെ വന്നു. ചൈനീസ് ചാരന്മാരെന്നു് വിശേഷിപ്പിക്കപ്പെട്ട അവരുടെ വിജയം ലോകത്തിന്റെ മുമ്പിൽ ശാസ്ത്രിയുടെവിലയിടിച്ചു കാണിച്ചു.

അതിനെത്തുടർന്നു് ശാസ്ത്രിക്കു് നെഞ്ചിടിപ്പു് കൂടി. പാർലിമെൻറിൽ പാർട്ടിയോഗത്തിൽ അവരെ മോചിപ്പിക്കേണ്ട കാര്യം ചർച്ച് വന്നു. ശാസ്ത്രി തെല്ലൊന്നു സമാധാനിച്ചു. ചാണ്ടി അയഞ്ഞപ്പോൾ തൊമ്മൻ മുകകയറഞ്ഞു. അവരെ മോചിപ്പിച്ചാൽ താൻ രാജിവെച്ചുകളയുമെന്നു് നന്ദ തീർത്തു പറഞ്ഞപ്പോൾ ശാസ്ത്രിയുടെ ഉള്ളിൽ ഇടിമിന്നി. ഉറച്ചു് പറയാൻ അദ്ദേഹത്തിനു നട്ടെല്ലുവേണ്ടേ? എതിർത്തൊന്നു മിണ്ടിയാൽ മന്ത്രിസഭ അതേപടി അടർന്നുവീഴും.

പിന്നേയും വൈതരണികൾ നിരന്നു കിടക്കുകയാണു്. കേരളത്തിലെ പ്രസിഡണ്ടു് ഭരണപ്രശ്നം. ഒരുവിഭാഗം പ്രസിഡണ്ടുഭരണമേർപ്പെടുത്തണമെന്നും പറഞ്ഞു വാദിച്ചു. മറ്റൊരുകൂട്ടർ അതു് ബുദ്ധിമോശമാണെന്നുചൂണ്ടികാണിച്ചു. ശാസ്ത്രിക്കു് സ്വന്തമായ ഒരഭിപ്രായം പറയാൻ നെഞ്ഞുക്കില്ലാതായിപ്പോയി. രണ്ടിയാൽ എല്ലാം തകരും. അറാവസാനം പ്രസിഡണ്ടു് ഭരണത്തിനു് പാവം ശാസ്ത്രി സമ്മതം നൽകി.

ഇതുകൂടി കഴിഞ്ഞപ്പോഴേക്കും ശാസ്ത്രിസ്സു് ഇരിക്കപ്പൊറുതിയില്ലാതായി. പാക്കിസ്ഥാനുമായുള്ള അതിർത്തിപ്രശ്നം പറഞ്ഞു. വസ്തുതകളുള്ളതും മനസ്സിലാക്കത്തക്ക വിശദീകരണത്തോടുകൂടിയായിരിക്കണം ബഡ്ജറ്റ് എന്നു പറഞ്ഞുകൊണ്ടു, ടവ്വർ ക്ലോക്കു, ടൌൺഹാൾ തുടങ്ങി പല കാര്യങ്ങളും ബഡ്ജറ്റിൽ ഇല്ലാത്തതിനെയും, ആഫീസിൽ വരുന്ന ആളുകളോടു് ഉദ്യോഗസ്ഥന്മാരുടെ ആക്ഷേപകരമായ പെരുമാറ്റങ്ങളേയും ജോർജ്ജ് ശക്തിയായി വിമർശിച്ചു. ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ എക്സിക്യൂട്ടീവു് അവരുടെ ഉത്തരവാദിത്വം നിറവേറിയിട്ടില്ലെന്നും, ഇത്തരം ബഡ്ജറ്റ് എക്സിക്യൂട്ടീവിന്റെ സൂക്കളിക്കവസരം നൽകുന്നതാണെന്നും ടി. ടി. ജോൺ ഉദാഹരണസഹിതം ചൂണ്ടിക്കാട്ടി.

പാവപ്പെട്ടവനേയും പണക്കാരനേയും വേർതിരിച്ചു് നികുതിയിനത്തിൽ പക്ഷഭേദപരമായി ഉദ്യോഗസ്ഥന്മാർ പെരുമാറുന്നതിനേയും, സാനിട്ടേഷന്റെ ആവശ്യമായ സാമഗ്രികളും ഉപയോഗിക്കുന്നുമായി കിടക്കുന്നതു നന്നാക്കാത്തതിനെപ്പറ്റിയും കൊച്ചുയുപ്പൻ വിവരിച്ചുകൊണ്ടു് എക്സിക്യൂട്ടീവിനെ ശക്തിയായി വിമർശിക്കുകയുണ്ടായി. ഒരു കമ്മ്യൂണിസ്റ്റംഗവും പ്രതിപക്ഷ ലീഡറുമായ എൻ. രാധാകൃഷ്ണൻ ബഡ്ജറ്റിനെ ഹാർദ്ദമായി സ്വാഗതം ചെയ്തു. വാർഡുകളും തിരിച്ചു പണികളുടെ ലിസ്റ്റ് തയ്യാറാക്കുന്ന സങ്കുചിത മനസ്ഥിതി പ്രകടിപ്പിക്കാത്തതിനു സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാനെ അദ്ദേഹം അഭിനന്ദിച്ചു. ടി. വി. പൈലോസ്, ടി. എൽ അബ്രാഹം തുടങ്ങി പല മെമ്പർമാരും ബഡ്ജറ്റിനെഅനുകൂലിച്ചുംന്യൂനതകളും ചൂണ്ടിക്കാട്ടിയും എല്ലാവരും സഹകരിച്ചു കാര്യങ്ങളും നടത്തുവാൻ അഭ്യർത്ഥിച്ചും സംസാരിക്കുകയുണ്ടായി. എക്സിക്യൂട്ടീവ് സഹകരണം നൽകിയിട്ടുള്ളതു ചൂണ്ടി കാട്ടിയും ബഡ്ജറ്റിലെ മനസ്സിലാകുന്നില്ലെന്ന പറഞ്ഞ ഭാഗങ്ങളെപ്പറ്റി വിശദീകരിച്ചുകൊണ്ടും കമ്മീഷണർ മറുപടി പറഞ്ഞു. അവസാനം ചർച്ച കഴിഞ്ഞു സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ ടി. പി. ജോസ് മറുപടി പറയുകയുണ്ടായി. ആവശ്യമായ ഭേദഗതികളും അദ്ദേഹം സ്വീകരിച്ചു. മറ്റു പല നിർദ്ദേശങ്ങളും പരിഗണിക്കുന്നതാണെന്നു് ഉറപ്പുപറഞ്ഞു. നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകിയ എല്ലാവരോടും അദ്ദേഹം കൃതജ്ഞതപറഞ്ഞു. ചില്ലറ ഭേദഗതികളോടുകൂടി ബഡ്ജറ്റ് ഐകകണ്ഠ്യേന പാസ്സാക്കി.

.....

ശ്രീമതി ത്രേസ്യാകുരിയൻ നോമിനേറ്റ് ചെയ്യപ്പെട്ടു

പൂമല, ഏ. 1

അവണൂർ പഞ്ചായത്തിലേയ്ക്കു് വനിതാ സ്ഥാനാർത്ഥിയായി നോമിനേറ്റ് ചെയ്തിരുന്ന കുമാരി ചിന്നമ്മ ജോസഫ് (കെ. ടി.പി) വ്യക്തിപരമായ കാരണങ്ങളാൽ രാജിവെച്ച ഒഴിവിലേയ്ക്കു് ശ്രീമതി ത്രേസ്യാകുരിയനെ (കെ. ടി. പി.) കഴിഞ്ഞദിവസംചേർന്നപഞ്ചായത്തുയോഗം നോമിനേറ്റ് ചെയ്തിരിക്കുന്നു.

—

റേഡിയോ ടെലഗ്രാം നിരക്കുകൾ വർദ്ധിപ്പിച്ചു

ന്യൂഡൽഹി, ഏ. 1

ഇന്ത്യയുടെ തീരദേശ സ്റ്റേഷനുകൾ മുഖേന ഇന്ത്യയിൽനിന്നു് കപ്പലുകളിലേയ്ക്കു് അയയ്ക്കുന്ന റേഡിയോ ടെലിഗ്രാമിന്റെ നിരക്കുകൾ വാക്കൊന്നുക്ക് 80 പൈസയിൽനിന്നു് 85 പൈസയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. പുതുക്കിയ നിരക്കുകൾ ഇന്നു് മുതൽ പ്രാബല്യത്തിൽവന്നു.

—

ആനന്ദാ കലാസമിതി

സ.ലേ പാപ്പുക്കര, മാ. 31

ആനന്ദപുരത്തെ കുറെ യുവാക്കന്മാർ കൂടി 'ആനന്ദാകലാസമിതി എന്നൊരു സംഘടന രൂപീകരിച്ചിരിക്കുന്നു.

ആക്ഷേപങ്ങളും ആവശ്യങ്ങളും

വിദ്യുച്ഛക്തിവിതരണത്തിലെ തകരാറു്

ഇവിടത്തെ വൈദ്യുതവിതരണതകരാകേടംമൂലംപൊതുവായിവ്യവസായശാലകൾക്കു് കനത്ത നഷ്ടം നേരിട്ടുകൊണ്ടിരിക്കുന്നതായി ഒട്ടേറെ പരാതികൾ ഉണ്ടായിട്ടുണ്ടായിരിക്കുന്നു.

ദിവസത്തിൽ ഒട്ടേറെ തവണ വൈദ്യുതി നിലച്ചുപോകുകയെന്നതു് ഒരു നിത്യസംഭവമാണു്. ദിവസത്തിൽ ചിലപ്പോൾ മൂന്നും നാലും മണിക്കൂർ കൂടെ വൈദ്യുതി ലഭിക്കാതെവരുന്ന സന്ദർഭങ്ങളും വിരളമല്ല. മൻകൂട്ടി വിവരം കിട്ടാതെ നേരിട്ടുകൊണ്ടിരിക്കുന്ന ഇപ്രകാര തകരാർകൂടെ ഹേതുവായി ജോലിയെടുപ്പിക്കാൻ കഴിയാതെ തന്നെ തൊഴിലാളികൾക്കു് കൂലി നല്കേണ്ടിവരുന്നതുമൂലം തൊഴിൽശാലകൾക്കു് കനത്ത നഷ്ടമാണു് നേരിടുന്നതു് എന്നാണു് തൊഴിലാളികൾ പരാതിപ്പെടുന്നതു്.

വൈദ്യുതി സപ്ലൈ തകരാറുകൾ നേരിടുമ്പോൾ വിവരം ടെലിഫോണിൽ ചോദിച്ചാൽ തൃപ്തികരമായ ഒരു മറുപടിപോലും പലപ്പോഴും കിട്ടുന്നില്ലെന്നതാണു് മറ്റൊരു പരാതി. എന്തായാലും ഈ വക തകരാറുകൾ പരിഹരിക്കുന്ന കാലം അതിക്രമിച്ചിരിക്കുകയാണു്.

ചാലക്കുടി,
ഏ. 1 സ.ലേ.

തൃശ്ശൂർ നഗരത്തിലെ മരണക്കുഴികൾ

തൃശ്ശൂർ പട്ടണത്തിൽ ഫയർ ബ്രിഗേഡിനു വെള്ളം എടുക്കുന്നതിനും പല സ്ഥലങ്ങളിലായി പൈപ്പ് കണക്ഷനുകളുടെ മീതെ സ്ലാബിട്ടുകൊണ്ടുള്ള സ്റ്റേഷനകൾ ഉണ്ടാക്കിയിട്ടുണ്ടു്. എന്നാൽ കിഴക്കെ കോട്ടയിലും, തുക്കാണ്ടൻ കിണറിനു സമീപവുമുള്ള പ്രസ്തുത സ്ലാബുകൾ പൊട്ടിപോയിരിക്കയാണു്. കിഴക്കേ കോട്ടമേൽ വെച്ചു് ഈ ആഴ്ചയിൽ രണ്ടു കുട്ടി സ്കൂളുപൊടിയായ പഴുതിൽവീണു് പരിക്കേല്ക്കുകയുണ്ടായി. ഇതുപോലെ അപകടം പലപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ഈ പഴുതുകൾ വീണ്ടും സ്ലാബു് വാർത്തിടാത്തപക്ഷം ഉടൻതന്നെ പകടങ്ങളുണ്ടാകാൻ ഇടയുണ്ടു്. അധികാരപ്പെട്ടവരുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞുകാണാനാഗ്രഹിക്കുന്നു.

തൃശ്ശൂർ,
ഏ. 1 സ.ലേ

അധികാരിവർഗ്ഗത്തിന്റെ അനാസ്ഥ

ഞാറക്കൽ അങ്ങാടികൂടി ആസ്പത്രി ഭാഗത്തേക്കു് പോകുന്ന റോഡിൽ മൊറാൽ വിരിക്കുന്നതിൽ പല ക്രമക്കേടും ഉണ്ടെന്നു് പരാതികൾ ഉയർന്നിരിക്കുന്നു. ഇതിനു് ഉത്തരവാദിത്വപ്പെട്ട കോൺട്രാക്ടർമാരാണെങ്കിലും, ഇതുസംബന്ധിച്ചു് സ്ഥലവാസികളിൽ അനേകംപേർ ചേർന്നു് അധികാരികൾക്കു് ഒരു മഹജർ ബോധിപ്പിച്ചിരിക്കുകയുണ്ടായി, അതിന്റെ അടിസ്ഥാനത്തിൽ കൃതിമങ്ങൾ ഒരുക്കാൻ ശ്രമംനടക്കുന്നുണ്ടു്. എന്നാലും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ഒന്നു സ്ഥലത്തേയ്ക്കു് തിരിഞ്ഞുനോക്കുകപോലും ഉണ്ടായിട്ടില്ല. ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഈ അശ്രദ്ധയ്ക്കു് കൂട്ടുചേരുവിധം സേവനാധിപത്യപ്രവണതയിലും പൊതുജനങ്ങൾക്കു് കടുത്ത അസംതൃപ്തിയുണ്ടു്. അധികാരപ്പെട്ടവർ ഒന്നു് ശ്രദ്ധിച്ചാൽനന്നു്.

ഞാറക്കൽ,
ഏ. 1 ഒരു നാട്ടുകാരൻ

സഹകരണസംഘം അധികൃതരുടെ ശ്രദ്ധയ്ക്കു്

കാട്ടൂർ സർവ്വീസ് സഹകരണസംഘം വക നടത്തിവരുന്ന ദിവസക്കറി ഒരു മാസക്കാലത്തിലധികമായി യാതൊരു പ്രവർത്തനവുമില്ലായ്മയിൽകിടക്കുന്നു കുറി നടത്തിപ്പുകാരൻ പിരിച്ചു് എടുക്കുന്നതിനുവേണ്ടി വരിക്കാരെ സമീപിക്കുന്നില്ല. കുറി വകയിൽ നാല്പതു സംഖ്യ ഇയ്യാം സംഘത്തിൽഒടുച്ചുതീർത്തിട്ടില്ലെന്നും ഓറിയുന്നു. കുറിയിൽ ചേന്നിട്ടുള്ളവക്കു് ഇതുമൂലം വലിയ സംഖ്യ നഷ്ടം വന്നിട്ടുണ്ടു്. സംഘത്തിൽനിന്നു് യാതൊരു നടപടിയും എടുത്തു കാണുന്നില്ല. ഭാവിയിൽ സംഘം അഭിമതിയുടേയും വെട്ടിപ്പിന്റേയും കുത്തരങ്ങായി തീരുമോ എന്നു് നിക്ഷേപകർ ഭയപ്പെടുന്നു. ഈ സംഘത്തെപ്പറ്റിപൊതുജനങ്ങൾക്കിടയിൽ നിരവധി ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. മേലിൽ ഈ വിധത്തിലുള്ള വീഴ്ചകൾ വരാതിരിപ്പാൻ സംഘം ഭാരവാഹികളുടേയും മെമ്പർമാരുടേയും, പൊതുജനങ്ങളുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കാട്ടൂർ ഒരു മെമ്പർ

ലോക്കൽ ലൈബ്രറി അതോറിട്ടി ജീവനക്കാർ

കേരള ഗവണ്മെണ്ടു് 1-10-64 മുതൽ നടപ്പാക്കിയ ക്ഷാമബത്ത ഏഴര ക. യും, പന്ത്രണ്ടര രൂപയും തട്ടേശ സ്വയം ഭരണസ്ഥാപനങ്ങളിലെ ജീവനക്കാക്കു് കൂടി കിട്ടിത്തുടങ്ങിയിട്ടുണ്ടു്. എന്നാൽ ലോക്കൽ ലൈബ്രറി അതോറിട്ടി ജീവനക്കാക്കു് ഗവണ്മെണ്ടിന്റെ കല്പന കിട്ടാത്തകാരണം ഈ ആനുകൂല്യം ഇനിയും കിട്ടിത്തുടങ്ങിയിട്ടില്ല.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെ മുൻനിറുത്തി. കേരള ഗവണ്മെണ്ടിനെ സർവ്വാത്മനാ ശ്രദ്ധ ഈ കാര്യത്തിൽ പതിയുകയും ലോക്കൽ ലൈബ്രറി അതോറിട്ടി ജീവനക്കാക്കു് കൂടി ക്ഷാമബത്ത അനുവദിച്ചു് കൽപ്പന ഉണ്ടാക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

പാലക്കാടു് ഒരു സങ്കടക്കാരൻ

ഒല്ലൂർപ്രൈമറി ഹെൽത്തു് യൂണിറ്റ്

ജനങ്ങളുടെ വളരെ കാലത്തെ മുറവിളിയുടെ ഫലമായിട്ടാണു് ഒല്ലൂരിൽ ഒരു പ്രൈമറി ഹെൽത്തു് യൂണിറ്റ് സ്ഥാപിതമായതു്. രോഗികളുടെ വർദ്ധനയെ പരിഗണിച്ചു് രണ്ടു ഡോക്ടർമാർ ഇപ്പോഴിവിടെ ഉണ്ടു്. നിസ്വാർത്ഥമതികളായ ഈ രണ്ടു ഡോക്ടർമാർ രാവും പകലും ബുദ്ധിമുട്ടിയാലും തീരാത്ത രോഗങ്ങളും അവിടെ വന്നണ്ടു് നിത്യേന. സ്ത്രീരോഗികൾക്കു് മാത്രം ഉള്ള ഒരു വാർഡാണു് അവിടെയുള്ളതു്, എന്നാൽ സ്ത്രീകളേയും പുരുഷന്മാരേയും കിടത്തി ചികിത്സിക്കണമെന്നാർഡറും ഉണ്ടു്. പുരുഷന്മാക്കു് വാർഡു് പണിതിട്ടില്ല. കിടന്നു് ചികിത്സിക്കേണ്ട പാവപ്പെട്ട രോഗികൾക്കു് ഭക്ഷണം കൊടുക്കുന്നില്ല. ഭക്ഷണം പാകം ചെയ്യുവാൻ കിച്ചൻ പണിതിട്ടില്ല. ഔട്ടു് പേഷ്യൻസിനു് മരുന്നു വിതരണത്തിനു് യാതൊരു സൌകര്യവുമില്ല. രോഗികളുടെ വരുംനക്കത്തിനുള്ള മരുന്നു് ഹെൽത്തു് സ്റ്റാഫ് വഹിച്ചിട്ടില്ല. ഫോൺസൌകര്യം നാളിതുവരെക്കും കിട്ടിയിട്ടില്ല. വളരെയധികം മിഡ്വൈഫറി ഹെൽത്തു് സെൻറുകളെ ഫണ്ടു് ചെയ്യുന്നതും ഉദ്ദേശം നാൽപ്പതിനായിരത്തോളം ജനസംഖ്യയുള്ളതുമായ പ്രദേശത്തേക്കുള്ള ഏക ഡിസ്പൻസറിയാണിതു്. ഇതിനെഒരുഹോസ്പിറ്റലാക്കി ഉയർത്തേണ്ടതു് അത്യാവശ്യമാണു്. ആസ്പിനാൽ മേൽപ്പറഞ്ഞകാര്യങ്ങളിലേക്കു് പ്രത്യേകിച്ചു് ഒരു ഡോക്ടറേയും, പുരുഷവാർഡും, കിച്ചണും, ഫോൺസൌകര്യവും അനുവദിച്ചുകൊടുക്കുവാൻ വേണ്ടഡിപ്പാർട്ടുമെൻറുകളുടെ സത്വരശ്രദ്ധ ഇക്കാര്യത്തിൽക്ഷണിച്ചു കൊള്ളുന്നു.

ഒല്ലൂർ പി. ആർ. ഫ്രാൻസിസ്

—

ബേപ്പൂർ തുറമുഖത്തു് മണ്ണുനീക്കാൻ 27 ലക്ഷം രൂപയുടെ പദ്ധതി

സക്കാർ ഉത്തരവിട്ടുവെന്നു രാജ്ബഹദൂർ

ന്യൂഡൽഹി, മാ. 31

ബേപ്പൂർ നദിമുഖത്തുനിന്നു് മണ്ണുനീക്കാനും മറ്റു മൈനർ തുറമുഖങ്ങളിലെ മണ്ണുനീക്കൽ ജോലിക്കുമായി 27.10 ലക്ഷം രൂ. നിലവരുന്ന ഒരു ഡ്രെഡ്ജിങ്ങ് യൂണിറ്റ് നിർമ്മിക്കാൻ കേരള ഗവണ്മെണ്ടു് കാർഡർ നൽകിക്കഴിഞ്ഞിരിക്കുന്നു. ഈ ഡ്രഡ്ജിങ്ങ് യൂണിറ്റ് വന്നെത്തിയാലുടൻ ജോലികൾ ആരംഭിക്കുന്നതാണു്. ലോകസഭയിൽ ശ്രീ. എ. വി. രാഘവൻ, ശ്രീ. എസ്. കെ. പൊറോക്കാട്ടു് എന്നിവരുടെ ചോദ്യങ്ങൾക്കു് മറുപടിയായി ഗതാഗതവകുപ്പുമന്ത്രി ശ്രീ. രാജ്ബഹദൂറാണു് ഈ കാര്യം വെളിപ്പെടുത്തിയതു്.

—

പുതിയ കയറ്റുമതി ഇറക്കുമതി നിയന്ത്രണ ആപ്പീസുകൾ

ന്യൂഡൽഹി, ഏപ്രിൽ 1

കയറ്റുമതി-ഇറക്കുമതി വ്യാപാരനിയന്ത്രണ ആപ്പീസുകൾ ഇന്നുമുതൽ കാൺപൂരിലും ശ്രീനഗറിലും പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു.

ഉത്തരപ്രദേശ്സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയുള്ള കാൺപൂർ ആപ്പീസിന്റെ ചുമതല വഹിക്കുന്നതു് ഒരു കയറ്റുമതി-ഇറക്കുമതി ഡെപ്യൂട്ടി ചീഫ് കൺട്രോളറാണു്. ശ്രീനഗർ ആപ്പീസിന്റെ മേധാവി കയറ്റുമതി-ഇറക്കുമതി കൺട്രോളറും. ജമ്മു-കാശ്മീർ സംസ്ഥാനം മുഴുവനും അതിന്റെ അധികാരപരിധിയിൽപെടും.

—

ദേശീയ കപ്പൽ ഗതാഗത ദിനത്തിൽ പ്രത്യേക സ്റ്റാമ്പു്

ന്യൂഡൽഹി, ഏ. 1

രണ്ടാമതു് ദേശീയ കപ്പൽഗതാഗത ദിനം പ്രമാണിച്ചു് ഇന്ത്യൻ കപ്പൽ ഗതാഗതത്തിന്റെ നേട്ടങ്ങൾ കുറിക്കാൻ കമ്പി-തപാൽവകുപ്പ് ഏപ്രിൽ 5-ാംതീയതി 15 പൈസയുടെ ഒരു പ്രത്യേക തപാൽ സ്റ്റാമ്പു് പുറപ്പെടുവിക്കുന്നതാണു്.

നീലനിറത്തിലുള്ള പുതിയ സ്റ്റാമ്പിൽ ഇന്ത്യയിൽ, വിശാഖപട്ടണത്തു് ആദ്യമായി നിർമ്മിച്ച 'ജലഉഷ' (8000 ടൺ) എന്ന ആധുനിക ആവിക്കപ്പൽ ചിത്രീകരിച്ചിരിക്കുന്നു. വിശാഖപട്ടണം കപ്പൽ നിർമ്മാണശാലയാണു് ചിത്രത്തിലെ പശ്ചാത്തലം. ഇന്ത്യാ സൈക്യൂരിറ്റി പ്രസ്സിൽ 20 ലക്ഷം സ്റ്റാമ്പു് അച്ചടിച്ചിട്ടുണ്ടു്.

.....

എ. സി. സി. ഒരു കൊല്ലംകൂടി തുടരും

ന്യൂഡൽഹി, ഏ. 1

നാഷണൽ ഫിറാ'നസു' കോർ ഉടനടി നടപ്പിൽവരാത്ത സ്കളുകളിൽ ആക്ടിലറി കേഡറാകോർ ഒരു കൊല്ലംകൂടി തുടരാൻ ഇന്ത്യാഗവണ്മെണ്ടു് സംസ്ഥാനഗവണ്മെണ്ടുകളോടു് നിർദ്ദേശിച്ചിരിക്കുന്നു.

ഡോ: എച്ചു്. എൻ. കൻസ്രൂവിന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയുടെ ശിപാർശയെത്തുടർന്നാണു് ആക്ടിലറി കേഡറാ'കോർ നിർത്തലാക്കാൻ ഗവണ്മെണ്ടു് തീരുമാനിച്ചതു്. ആക്ടിലറി കേഡറാകോർ, ദേശീയ ശിക്ഷണ പദ്ധതി എന്നിവയുടെയും മറ്റു കായിക വിദ്യാഭ്യാസപരിപാടികളുടേയും സ്ഥാനത്തു് ഒരു സംയോജിതപരിപാടി നടപ്പാക്കണമെന്നാണു് സമിതി അഭിപ്രായപ്പെട്ടിട്ടുണ്ടായിരുന്നതു്.

ഇതനുസരിച്ചു് ഇന്നുമുതൽ നാഷണൽ ഫിറാ'നസു' എപ്പെട്ടത്തിവരുന്ന. പക്ഷേ ആക്ടിലറി കേഡറാകോർ പദ്ധതിയുടെ കീഴിലുള്ള എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും 1965-66ൽ തന്നെ പുതിയ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിയുകയില്ലെന്നു പറഞ്ഞിട്ടുണ്ടു് ബോദ്ധ്യമായി.

കോൺഗ്രസ്സുമായി യോജിപ്പില്ലെന്നു പറയാൻ ജോർജ്ജിനു് മനസ്സു് വരുന്നില്ല

കരിങ്കൊടി പ്രകടനവാർത്ത അസംബന്ധമാണെന്നു്

എറണാകുളം, മാർച്ചു്, 31

ഇന

ജയിനിനെ എതിരേല്ക്കാൻ

കോൺഗ്രസ്സ് കൊമ്പനാനകൾ നെറ്റിപ്പട്ടംകെട്ടി എഴുന്നള്ളിപ്പിന് തയ്യാറായി നില്ക്കുന്നു

മുത്തുകുടയും വെൺചാമരവുമായി ഏതാനും പരാജിത സ്ഥാനാർത്ഥികൾ അക്ഷമരായി പൂപ്പന്തലിൽ

(സ്വന്തം പ്രതിനിധി) തിരുവനന്തപുരം, ഏപ്രിൽ 1

യു. പി. യിലെ ശങ്കറെന്നു പ്രസിദ്ധനായ എ. പി. ജെയിൻ കേരള ഗവണ്ണറായി അടുത്തദിവസംതന്നെ സ്ഥാനാരോഹണം ചെയ്യുമെന്ന വാർത്ത സ്ഥിരീകരിച്ചതോടെ ഇവിടത്തെ കോൺ: കേന്ദ്രങ്ങളിൽ ഒരു വല്ലാത്ത മനസംതൃപ്തിയാണു് സംജാതമായിട്ടുള്ളതെന്നു് റിപ്പോർട്ടുചെയ്യപ്പെടുന്നു.

ഇന്നത്തെന്ന ജില്ലാലവലിലുള്ള നേതാക്കന്മാർ തൊട്ട് എല്ലാ കാളനും കൂളനും ഗവണ്ണറെ മുഖക്കാണിക്കാൻ തലസ്ഥാനത്തു് എത്തി ക്യാമ്പുചെയ്യാൻ തുടങ്ങിക്കഴിഞ്ഞു. സക്കാർ കമ്മീഷനുകളിലേയ്ക്കും പുതിയ തസ്തികകളിലേക്കും കടിയേറിപ്പിടിക്കാൻ ആഗ്രഹിക്കുന്ന നേതാക്കന്മാർ വൻതോക്കുകളുടെ നിഴലിൽ ചുമലുരുമ്മി പുമാലകളുമായി ഇപ്പോഴേ നിൽപ്പുറപ്പിച്ചുകഴിഞ്ഞിരിക്കയാണു്.

പിൻവാതിലിലൂടെയുള്ള ഒരു കോൺ. രണം സംഘടിപ്പിക്കുന്നതിനു കെ. പി. സി. സി. നേതാക്കന്മാർ ഇന്നലെമുതൽ വല്ലാതെ ഉന്മേഷവാന്മാരായി കാണപ്പെട്ടു. ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ വല്ലാത്ത മ്ലാനതയാണു് ഇപ്പോഴും നിഴലിച്ചുകാണുന്നതു്. കേരളത്തിൽനിന്നു് ജയിനിനെ അകമ്പടിസേവിച്ചുകൊണ്ടു് വന്ന ഐ. സി. എസ്. ഉദ്യോഗസ്ഥന്മാരെ എവിടെയെല്ലാം തിരുകിക്കയറ്റണമെന്നും തൽസ്ഥാനത്തുനിന്നു് ആരെല്ലാം തെറിക്കണമെന്നുമാണു് അവരിൽ ബഹുഭൂരിപക്ഷവും കടന്നുകൂടിയിട്ടുള്ള ആശങ്ക. സ്വന്തം നിലയെപ്പറ്റി അല്പസ്വല്പം സംശയമുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാർ കോൺ. നോക്കികൊണ്ടു പടിക്കൽ കാത്തിരിക്കുന്നു